

# DHANARAJ KEEZHARA

**1986-90** കാലങ്ങളിൽ കേരളത്തിലെ 30 ലധികം ഗ്രാമങ്ങളിൽ നിരവധി ഏകാംഗ പ്രദർശനങ്ങൾ നടത്തുകയും ഗ്രൂപ്പ് പ്രദർശനങ്ങളുടെ ഭാഗമാവുകയും ചെയ്തിട്ടുണ്ട്.

**1991** - **ഏകാംഗ പ്രദർശനം** - വിജ്ഞപോഷിണി ഗ്രന്ഥശാല, കീഴറ

കേരള ലളിതകലാ അക്കാദമി (1989, 1990, 1991, 2004, 2007, 2008) സംഘടിപ്പിച്ച വാർഷിക ചിത്ര പ്രദർശനത്തിൽ പങ്കെടുത്തു.

**1993 ഏകാംഗ പ്രദർശനം** - സ്പൈറൽ പെയിന്റിങ്ങ്സ് - രവീന്ദ്ര കലാക്ഷേത്ര ബെംഗളൂരു.

**1993-94** - കണ്ണൂർ, കോഴിക്കോട് എറണാകുളം എന്നിവിടങ്ങളിൽ ഗ്രൂപ്പ് എക്സിബിഷൻ- ഫ്രം ദ നെദർ ദ സീസ് ലെസ്സ് ഡാൻസ്.

**1997, 1998, 1999** വർഷങ്ങളിൽ ഊട്ടിയിൽ നടത്തിയ പരിസ്ഥിതി ഫോട്ടോ എക്സിബിഷന്റെ ഭാഗമായിട്ടുണ്ട്.

**1999 - ഗ്രൂപ്പ് എക്സിബിഷൻ**- ചിത്ര ആർട്ട് ഗ്യാലറി, ബെംഗളൂരു.

**2005 - ഏകാംഗ പ്രദർശനം**- ടെറി ബാംഗ്ലൂർ

**2005, 2006, 2007** വർഷങ്ങളിൽ ബാംഗ്ലൂർ ഫിലിം സൊസൈറ്റിയുടെ ഗ്രൂപ്പ് എക്സിബിഷന്റെ ഭാഗമായിട്ടുണ്ട്.

**2007** - **ഏകാംഗ പ്രദർശനം** - 'ട്രൂത്ത് ഫ്രം ദ മാർജിൻ' അലയൻസ് ഫ്രാൻസെസ്, ബാംഗ്ലൂർ (കേരള ലളിത കലാ അക്കാദമി സ്പോൺസേർഡ്)

**2009** - **ശില്പ ചിത്ര** - ഗ്രൂപ്പ് എക്സിബിഷൻ - കർണാടക ചിത്രകല പരിഷത്ത്

**2010** - **ഏകാംഗ പ്രദർശനം** - സ്റ്ററിങ്ങ് സയ്ലെൻസ് - അലയൻസ് ഫ്രാൻസെസ്, ബാംഗ്ലൂർ (കേരള ലളിത കലാ അക്കാദമി സ്പോൺസേർഡ്)

**2012** - **ആർട്ട് ബെംഗളൂരു പ്രദർശനം** - യു .ബി. സിറ്റി , ബാംഗ്ലൂർ

**2012** - **വാർഷിക പ്രദർശനം** - ഗാലറി സാറാ അറക്കൽ

**2014** - **ഗ്രൂപ്പ് എക്സിബിഷൻ** - ആർട്ട് വേയ്വ് - കർണാടക ചിത്രകല പരിഷത്ത്

**2014 - എവരി ഡേ ലൈഫ്** - മൾട്ടി മീഡിയ എക്സിബിഷൻ - യു എസ് സൗണ്ട് ആർട്ടിസ്റ്റ് ഡയാന ചെസ്റ്ററുമായി സഹകരിച്ചു കണ്ണൂരിൽ നടത്തിയ ദൃശ്യ ശ്രവ്യ സങ്കലന പ്രദർശനം. കേരള ഫോക്‌ലോർ അക്കാദമിയുടെ സഹകരണത്തോടെ നടത്തിയ ഈ എക്സിബിഷനിൽ അന്നത്തെ സാംസ്കാരിക സെക്രട്ടറി റാണി ജോർജ് മുഖ്യ അതിഥി ആയിരുന്നു. തെയ്യത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജീവിതങ്ങളുടെ നേർക്കാഴ്ചയാക്കിയ ഈ ചിത്രപ്രദർശനം തെയ്യം കലാകാരന്മാർക്കുള്ള സ്നേഹ സമർപ്പണം കൂടി ആയിരുന്നു.

**2015 - സുഗത** - ടെറാക്കോട്ട ശില്പം, കീഴറ വിജ്ഞാനപോഷിണി ഗ്രന്ഥശാലയിൽ - പ്രശസ്ത കവയിത്രി സുഗത കുമാരിക്ക് സമർപ്പിച്ചുകൊണ്ടുള്ള ശിൽപം.

**2016 - തെയ്യം നിലത്തെഴുത്ത്** - പ്രതിഷ്ഠാപനം - വീട്ടുമുറ്റത്ത് പരമ്പരാഗത രീതിയിൽ കളം ഒരുക്കി അതിൽ കീഴറയുടെയും അവിടെയുള്ള തെയ്യങ്ങളുടെ പുരാവൃത്തങ്ങളും അടിസ്ഥാനമാക്കി മാപ്പിങ് രീതിയിൽ തീർത്തും വ്യത്യ സ്തമായ രീതിയിൽ ഒരുക്കിയ ഒരു പ്രതിഷ്ഠാപനം. ന്യൂയോർക്ക് യൂനിവേഴ്സിറ്റിയിലെ സൗണ്ട് എൻജിനീയറും പ്രൊഫസറും ആയ ഡയാന ചെസ്റ്റർ ഈ പ്രതിഷ്ഠാപനത്തിന്റെ ഭാഗമായി പ്രവർത്തിച്ചു.

**2016 - മീൻ ചന്ത** - ചെറുകുന്ന് മീൻ മാർക്കറ്റിലെ കമ്മ്യൂണിറ്റി ഗ്രാഫിറ്റി.

**2017 - തെയ്യം വിഷ്വൽ ഇൻസ്റ്റലേഷൻ** - (തെയ്യം - ആചാരം, ഐതിഹ്യം, സമൂഹം എന്ന ഇൻസ്റ്റലേഷൻ - കീഴറയുടെ സാമൂഹികവും സാംസ്കാരികവും അനുഷ്ഠാനപരവുമായ കാല-ദേശ ജീവിതങ്ങളെ ചിത്രവരപ്പിലൂടെ ആവിഷ്ക്കരിച്ചതാണ് വീട്ടുപറമ്പിലെ ചിത്രശാല എന്ന തെയ്യം ചിത്ര സങ്കലനം. (Theyyam Installation). വീട്ടുപറമ്പിൽ സർപ്പിളമായി വരിഞ്ഞു കെട്ടിയ 50 മീറ്റർ നീളവും , 1.5 മീറ്റർ ഉയരവുമുള്ള പ്രകൃതിജന്യമായ ക്യാൻവാസിൽ കീഴറയെ പച്ച നിറത്തിലൂടെ പകർത്തിയ വേറിട്ട ചിത്രസഞ്ചയമാണിത്. കീഴറ എന്ന കദശവും കീഴറ കൂംലോം കളിയാട്ടവും വ്യത്യസ്ത മാനങ്ങളിലൂടെയും അവസ്ഥകളിലൂടെയും പുനരാവിഷ്കരിക്കുന്നു. യു എസ് സൗണ്ട് ആർട്ടിസ്റ്റ് ഡയാന ചെസ്റ്ററും ഈ പ്രതിഷ്ഠാപനത്തിന്റെ ഭാഗമായി.

**2017-** ചെറുകുന്ന് ഗവർമെന്റ് ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ അക്ഷരമുറ്റത്ത്, ഒ എൻ വി കവിതകൾക്ക് ഒരു ശില്പാഖ്യാനം. ചിത്രരചനയിലോ ശില്പ നിർമ്മാണത്തിലോ യാതൊരു മുൻപരിചയവും ഇല്ലാത്ത 12 കുട്ടികളുമായി ചേർന്ന് നിർമിച്ച ശില്പങ്ങൾ.

**2017- ചിയറോസ്കുറോ** - ഏകാംഗ പ്രദർശനം - മെട്രോ ആർട്ട് ഗ്യാലറി, ബാംഗ്ലൂർ- തികച്ചും വ്യ ത്യ സ്തമായ മീഡിയം ആയ ചായ കറയും ചാർക്കോളും കൊ ണ്ട് വരച്ച ചിത്രങ്ങളുടെ പ്രദർശനം. ഇങ്ങനെ ഒരു മീഡിയും ഉപയോഗിച്ച് ഒരു ചിത്ര പ്രദർശനം നടന്നതായി വേറെ അറിവില്ല. 20 വർഷത്തെ ഗവേഷണ പരീക്ഷണത്തിന്റെ ഫലമാണ് 36 ഓളം ചിത്രങ്ങൾ. നഗര ജീവിതത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ജീവിതത്തിന്റെ ഏടുകൾ ആണ് ഈ ചിത്ര പരമ്പരയുടെ വിഷയം.

**2018-** ഭിന്നശേഷിയുള്ളവർക്കായി ആർട്ട് വർക്ക് ഷോപ്പ് - ഹോപ്പ്, പിലാത്തറ, കണ്ണൂർ

**2018-** കണ്ണപുരം പ്രൈമറി ഹെൽത്ത് സെന്റർ കുടുംബാരോഗ്യ കേന്ദ്രമാക്കി നവീകരിക്കുന്നതിന്റെ ഭാഗമായി 'മാതൃത്വം' ആസ്പദമാക്കി, 12 × 8 ഫീറ്റിലും 16 x 8 ഫീറ്റിലും വരച്ച ബ്യഹത്തായ രണ്ടു ചിത്രങ്ങൾ.

**2018 - ഏകാംഗ പ്രദർശനം -** സ്റ്ററിങ്ങ് സയ്ലെൻസ് - ആർട്ട് വില്ല ഗാലറി, ബാംഗ്ലൂർ

**2019 - ഏകാംഗ പ്രദർശനം** - വൂൻഡഡ് സോൾസ് - മെട്രോ ആർട്ട് ഗ്യാലറി, ബാംഗ്ലൂർ- തെയ്യത്തിന്റെ ദാർശനിക തലവും, പരിസ്ഥിതിയും പ്രകൃതിയുമായി തെയ്യപുരാവൃത്തങ്ങൾക്കുള്ള ബന്ധവുമാണ് ഈ ചിത്ര പരമ്പരയുടെ വിഷയമായത്. സാംസ്ക്കാരികമായും സാമൂഹികമായും പാരിസ്ഥിതികമായും തെയ്യം വിശകലനം ചെയ്യപ്പെടുന്നുണ്ട് ഈ ചിത്രങ്ങളിൽ.

**2019 - ഏകാംഗ പ്രദർശനം**- വൂൻഡഡ് സോൾസ് - ആർട്ട് വില്ല ഗാലറി, ബാംഗ്ലൂർ

**2020 - കുപ്പിവര** - കോവിഡ് 19 പ്രതിരോധ സന്നദ്ധ പ്രവർത്തകരെ ആദരിക്കാൻ 1200 ഓളം കുപ്പിചിത്രങ്ങൾ വരച്ചു നൽകി. (കണ്ണൂർ)

**2021 - ചിയറോസ്കുറോ** - ഏകാംഗ പ്രദർശനം - ആർട്ട് വില്ല ഗാലറി, ബാംഗ്ലൂർ

**2021 - ഓഫ് സോളിറ്റ്യൂഡ് ആൻഡ് സെൽഫീസ്** - രംഗോലി മെട്രോ ആർട്ട് സെന്റർ, ബാംഗ്ലൂർ

**2023 - ചൂഴം** - ധനരാജ് കീഴറ കലയുമായി നടത്തുന്ന ആത്മഭാഷണം - ഏകാംഗ പ്രദർശനം- കീഴറ , കണ്ണൂർ

**2023 - Somatic_Scape**, ലളിതകലാ അക്കാദമി ആർട്ട് ഗാലറി, പയ്യന്നൂർ.

ഇത് കൂടാതെ യുണൈറ്റഡ് സ്റ്റേറ്റ് (അരിസോണ) ലുള്ള കവയത്രി ഡെനീൻ എ. കോളിൻസുമായി ചേർന്ന് 'Rain In the Wind - A Collection of Art and Poetry" എന്ന ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബെസ്റ്റ് ക്രിയേറ്റീവ് എഡ്യൂക്കേറ്റർ അവാർഡ് ലഭിച്ച അഡോബ് യൂത്ത് വോയിസ് ക്രിയേറ്റീവ് എഡ്യൂക്കേറ്റർ കൂടിയാണ്. 2009ൽ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലും, 2011ൽ സാന്താക്ലാര യൂണിവേഴ്സിറ്റിയിൽ വച്ചും നടത്തിയ അഡോബ് യൂത്ത് വോയിസ് സമ്മിറ്റിലും ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുണ്ട്.

2013ൽ അഡോബ് യൂത്ത് വോയ്സ് ആസ്പയർ അവാർഡ് ജൂറി അംഗമായും പ്രവർത്തിച്ചു.

കൂടാതെ വിവിധ കമ്മ്യൂണിറ്റി സംരംഭങ്ങളുടെയും വിദ്യാഭ്യാസ പരിപാടികളുടെയും, പരിസ്ഥിതി പ്രവർത്തനങ്ങളുടെയും ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വയനാടിന്റെ ഗോത്ര സമുദായങ്ങൾ, കർണാടക, മഹാരാഷ്ട്ര, അതിർത്തിയായ ബിദാറിലെ ലംബാനി ഗോത്രസമൂഹം, മേധാപട്കറുടെ നർമദാവാലി കൂട്ടായ്മ (സേവ് നർമദ കാമ്പെയ്ൻ) എന്നിവയുൾപ്പെടെ നിരവധി തദ്ദേശീയ സമൂഹങ്ങളുടെ കൂടെ പ്രവർത്തിച്ചിട്ടുണ്ട്. ഇതുപോലുള്ള വ്യത്യസ്തരായ ആൾക്കാരുമായുള്ള ഇടപെടലുകളും അനുഭവങ്ങളും കലാസൃഷ്ടിയേയും ചിന്താധാരയേയും സമ്പന്നമാക്കുന്നതിൽ സഹായിച്ചു. ചിത്രങ്ങളെ പ്രതികരണത്തിനുള്ള മാധ്യമമാക്കി പല കൂട്ടായ്മകളുടേയും ഭാഗഭാക്കായി.

ഗീതാഞ്ജലി സ്കൂൾ ഓഫ് ഫൈൻ ആർട്സ്ൽ നിന്നും ചിത്രകലാ പഠനം (KGTE ഡിപ്ലോമ ) നടത്തി. ബംഗളുരുവിലെ ക്രിസ്റ്റൽ ഹൗസ് ഇന്ത്യ ലേണിംഗ് സെന്ററിലെ വിഷ്വൽ മീഡിയ അദ്ധ്യാപകൻ ആണ് ഇപ്പോൾ.